# ആമുഖം

തിരുവനന്തപുരം, വർക്കല താലൂക്കിൽ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിൽ 10-ാം വാർഡിൽ മുടിയാക്കോട്, ദേശത്ത് 1951-ൽ സ്ഥാപിതമായ വിദ്യാലയമാണ് സെന്റ് സെബാസ്റ്റ്യൻസ് UPS തിരുവനന്തപുരം ലത്തിൻ അതിരൂപതയുടെ നിയന്ത്രണത്തിലുള്ള ഈ വിദ്യാലയത്തിൽ ഇപ്പോൾ ആറ് (6) ഡിവിഷനുകളിലായി 187 വിദ്യാർത്ഥികളാണ് അധ്യാനം നടത്തുന്നത്. ഈ വിദ്യാലയത്തിൽ ഇപ്പോൾ അധ്യാപകർ ഉൾപ്പെടെ 8 ജീവനക്കാരാണുള്ളത്. ഈ സ്കൂൾ നിലവിൽ വരുന്നതിനു മുൻപ് ഈ പ്രദേശത്തുള്ള കുട്ടികൾ അപ്പർ പ്രൈമറി വിദ്യാഭ്യാസത്തിനായി നെടുങ്ങണ്ട, വർക്കല, ശിവഗിരി എന്നിവിടങ്ങളിലെ വിദ്യാലയങ്ങളെയാണ് ആശ്രയിച്ചിരുന്നത്. സാമ്പത്തിക പരാധീനതകൾ കാരണം പലർക്കും ഈ സ്ഥലങ്ങളിലെ വിദ്യാലയങ്ങളിൽ പോയി പഠിക്കുവാൻ കഴിഞ്ഞില്ല. ഇത് പ്രദേശത്തിന്റെ വളർച്ചയെയും പുരോഗതിയെയും സാരമായി ബാധിക്കുമെന്ന് മനസ്സിലാക്കിയ ജാതിമതസ്ഥരായ നാട്ടുകാരുടെ സഹകരണത്തോടെയാണ് ഇവിടെ ഇങ്ങനെ ഒരു വിദ്യാലയം സ്ഥാപിച്ചത്. ആദ്യം സ്കൂൾ പ്രവർത്തിച്ച്. ശ്രീ. ലൂക്ക ഫെർണാണ്ടസിന്റെ വീട്ടിലായിരുന്നു. തുടർന്ന് മൂങ്ങോട് ഇടവക പള്ളിയുടെ നേതൃത്വത്തിൽ ബഹുമാന്യനായ ഫാദർ ജോൺ ജോസഫാണ് ഈ സ്കൂൾ സ്ഥാപിച്ചത്. ചെറുന്നിയൂർ പുത്തൻവീട്ടിൽ പരേതനായ ശ്രീ. കുഞ്ഞിരാമൻ അവറുകളാണ് ഈ സ്കൂളിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചത്. സ്കൂളിന്റെ പ്രഥമ, പ്രഥമാധ്യാപകൻ ശ്രീ.ജി.പീറ്റർ അവറുകളായിരുന്നു.

28 കുട്ടികളുമായി ഇംഗ്ലീഷ് സ്കൂൾ മുടിയാക്കോട് എന്ന പേരിൽ ആരംഭിച്ച വിദ്യാലയം ക്രമേണ ഇന്നത്തെ പേരായ സെന്റ് സെബാസ്റ്റ്യൻസ് യു.പി സ്കൂൾ എന്നു മാറുകയായിരുന്നു. 1980-2000 കാലഘട്ടം വരെ 13 ഡിവിഷനുകളിലായി ഏകദേശം 650 കുട്ടികൾ ഇവിടെ അധ്യയനം നടത്തിയിരുന്നു. ഒട്ടേറെ പ്രഗത്ഭർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ്. ശ്രീ ബി.എസ് മാവോജി IAS ശ്രീ ബാലാജി IAS എന്നിവർ അവരിൽ ചുരുക്കം ചിലരാണ്.

# പൊതുപദ്ധതികൾ

1. കുട്ടിയെ അറിയാൻ

ലക്ഷ്യങ്ങൾ

1. എല്ലാകുട്ടികളുടെ കുടുംബപരവും സാമൂഹികവും സാമ്പത്തികവുമായ സാഹചര്യങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ശാസ്ത്രീയമായി (ചോദ്യാവലി, ചെക്ക്ലിസ്റ്റ്) ശേഖരിക്കുക.
2. എല്ലാ കുട്ടികളുടെയും പഠനരീതി, പഠനവേഗത, വൈഭവങ്ങൾ പരിമിതികൾ ശാസ്ത്രീയമായി കണ്ടെത്തുന്നു.
3. ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ വ്യക്തിഗതമായ പഠന രീതി, കഴിവുകൾ എന്നിവ തിരിച്ചറിഞ്ഞ് ശാക്തീകരിക്കുന്നു.
4. എല്ലാ കുട്ടികളുടെയു ശാരീരിക മാനസിക ആരോഗ്യപ്രശ്നം കണ്ടെത്തുക.

പ്രവർത്തനങ്ങൾ

1. ഭവനസന്ദർശനം

   ക്ലാസ്ടീച്ചേഴ്സ് ക്ലാസിലെ കുട്ടികളുടെ ക്ലാസ്സ് സന്ദർശിച്ച് ചെക്ക്ലിസ്റ്റ് ചോദ്യാവലി വിവരശേഖരണം നടത്തുന്നു. ഓരോ കുട്ടിയെക്കുറിച്ചും പഠനരേഖ തയ്യാറാക്കുന്നു.
2. പഠനരീതി നിർണയ ശില്പശാല

   അവധിക്കാലത്ത് നടത്തുന്ന ക്ലാസ്തല ഏകദിന ശില്പശാലകളിലൂടെ കുട്ടിയുടെ പഠനരീതി വൈഭവം, പരിമിതികൾ എന്നിവ മനസ്സിലാക്കി എല്ലാവർക്കും യോജിച്ച പഠനബോധന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നു.
3. ആരോഗ്യപരിശോധനാക്യാമ്പ് (അവധിക്കാലം)

   സ്കൂൾ വികസനസമിതി, പ്രൈമറിഹെൽത്ത് സെന്റർ തുടങ്ങിയവരുടെ ആഭിമുഖ്യത്തിൽ ആരോഗ്യപരിശോധനാക്യാമ്പ് കുട്ടികളുടെ ശാരീരിക ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തുന്നു.
4. Profile രൂപീകരണം

2. <u>പ്രവർത്തനം</u>

1. ക്ലാസ് ഭരണഘടനാ നിർമ്മാണം

കുട്ടികളുടെ പൂർണപങ്കാളിത്തത്തോടെ ക്ലാസ്തലഭരണഘടന നിർമ്മിക്കുന്നു. പൊതു അംഗീകാരത്തോടെ നിയമാവലി പ്രസിദ്ധികരിക്കുന്നു.

2. ക്ലാസ്/സ്കൂൾ/പാർലമെന്റ്

ക്ലാസ്/സ്കൂൾ പ്രവർത്തനങ്ങൾ കൂടുതൽ കൂടുതൽ ഫലപ്രദമാകുന്നതിനുവേണ്ടി പാർലമെന്റ് രൂപീകരിക്കുന്നു. ഭരണനിർവഹണത്തിനുള്ള വിവിധ വകുപ്പുകൾ രൂപീകരിക്കുന്നു. മന്ത്രിമാരേയും സഹമന്ത്രിമാരേയും ചുമതലയേൽപ്പിക്കുന്നു.

3. അച്ചടക്കം പാലിക്കൽ

കുട്ടികളിൽ സ്വയം നിയന്ത്രിത അച്ചടക്കം പാലിക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുന്നു. നിയമാവലി അനുസരിച്ച് പ്രവർത്തിക്കാൻ സ്വയം തയ്യാറാകുന്നു.

# അക്കാദമിക് മാസ്റ്റർപ്ലാൻ

മേഖല - മലയാളം 3. മലയാളം ഇംഗ്ലീഷ് മാധ്യമത്തിലൂടെ

ലക്ഷ്യങ്ങൾ

- ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും മലയാളഭാഷ സംസാരിക്കാനും കേട്ടുമനസിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- മലയാളഭാഷ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനും ആവിഷ്കരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക.
- മലയാളഭാഷാപഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും ശേഷികളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക
- മികച്ച വായനാശീലം മലയാളഭാഷയിൽ വികസിപ്പിക്കുക.
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ മലയാളഭാഷ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
- മലയാളഭാഷാപഠനത്തിൽ ഐ.ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
- Differently able കുട്ടികളെ നേർധാരയിലെത്തിക്കുക.
- മലയാളഭാഷ അധ്യാപക ശാക്തീകരണം

അക്കാദമിക പ്രവർത്തനങ്ങൾ

ലക്ഷ്യം

1. മലയാളഭാഷ തെറ്റു കൂടാതെ എഴുതാനും ആവിഷ്കരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക.
2. ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും മലയാളഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ്

പ്രവർത്തനങ്ങൾ

1. പ്രി-ടെസ്റ്റ്-പഠനനില കണ്ടെത്തൽ (2 days)

   എഴുത്തിലും വായനവിലുമുള്ള പിന്നോക്കാവസ്ഥ അറിയാൻവേണ്ടി പ്രി-ടെസ്റ്റ് നടത്തുന്നു. Target group- ന്റെ list തയ്യാറാക്കുന്നു.

2. പ്രവർത്തനപാക്കേജ് തയ്യാറാക്കൽ (2 days)

   Target group- ന്റെ പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു.

3. അക്ഷരം ഉറപ്പിക്കൽ (2 week)

   Audio കേൾപ്പിച്ചും ചിത്രങ്ങളിലൂടെയും അക്ഷരകാർഡുകൾ പദകാർഡുകൾ ഉപയോഗിച്ചും അക്ഷരങ്ങളും ഉച്ചാരണവും ഉറന്നിക്കുന്നു.

4. അടയാളങ്ങൾ ഉറപ്പിക്കൽ (1 month)

   ചിത്രങ്ങൾ, പദകാർഡുകൾ, പദതമ്പോല, പദകേളികൾ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ചിഹ്നങ്ങൾ ഉറപ്പിക്കുന്നു.

5. വാക്യങ്ങൾ എഴുതൽ

   അക്ഷരകാർഡുകൾ, പദപ്രശ്നങ്ങൾ, പദകാർഡുകൾ, ഉത്തരം കണ്ടെത്തൽ എന്നി പ്രവർത്തനങ്ങളിലൂടെ വാക്കുകൾ, വാക്യങ്ങൾ പറയിപ്പിക്കുന്നു. എഴുതുന്നു. വായനാസാമഗ്രിയിൽ നിന്നും ചോദ്യോങ്ങളുടെ ഉത്തരം കണ്ടെത്തുന്നു. Audio, Video -ൽ ഉപയോഗിച്ച് ഉച്ചാരണം എഴുതുന്നു. ഉറപ്പിക്കുന്നു.

6. കഥ- ബാക്കിപറയൽ- എഴുതൽ

കഥയുടെ കുറച്ചുഭാഗം നൽകുന്നു. ബാക്കി പറയിപ്പിക്കുന്നു. എഴുതുന്നു.

7. വായനാക്കുറിപ്പ് തയ്യാറാക്കൽ

   കഥാപുസ്തകങ്ങൾ നൽകുന്നു. വായിച്ച് വായനാക്കുറിപ്പ് തയ്യാറാക്കുന്നു.

<u>ലക്ഷ്യം</u>

മികച്ച വായനാശീലം മലയാളഭാഷയിൽ വികസിപ്പിക്കുക.

1. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ

   ക്ലാസിലെ കുട്ടികളെ ഗ്രൂപ്പാക്കുന്നു. എത്ര പുസ്തകം വായിക്കാം? വായനയ്ക്കുള്ള പുസ്തകം എങ്ങനെ തെരഞ്ഞെടുക്കാം? (പാഠഭാഗവുമായി ബന്ധപ്പെട്ടവ) ചർച്ച. തയ്യാറാക്കുന്ന വായനാക്കുറിപ്പുകൾ അസംബ്ലി, സ്കൂൾ റേഡിയോ, ആകാശവാണി, ബാലസഭ എന്നിവയിൽ അവതരിപ്പിക്കാനവസരം.

2. ക്ലാസ് ലൈബ്രറി രൂപീകരിക്കൽ.

   കുട്ടികളുടെ സഹായത്തോടെ UP വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്നതും പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടതുമായ റഫറൻസ് പുസ്തകങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്ലാസ്‌ലൈബ്രറി രൂപീകരിക്കുന്നു.

3. സ്കൂൾ ലൈബ്രറി നവീകരണം.

   ഓരോ സ്റ്റാൻഡേർഡിലേയും കുട്ടികളുടെ പാഠഭാഗവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ മറ്റ് റഫറൻസ് പുസ്തകങ്ങൾ എന്നിവയുടെ ലിസ്റ്റ് തയ്യാറാക്കുന്നു. ലൈബ്രറിഫണ്ട് ഉപയോഗപ്പെടുത്തി പുസ്തകങ്ങൾ വാങ്ങുന്നു.

4. ലൈബറി പ്രവർത്തനം ഫലപ്രദമാക്കൽ

   പുസ്തകവിതരണ രജിസ്റ്റർ, കുട്ടിലൈബ്രറിയൻ, പുസ്തകവിതരണം, തലക്കെട്ട് എഴുതി ക്രമീകരിക്കൽ, ബർത്തഡേ പുസ്തക ശേഖരണം, എന്റെ വിദ്യാലയത്തിലേക്ക് ഒരു പുസ്തകം, പുസ്തക കാംബെയിൻ

5. പത്രവായന

   വിവധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ, പത്രക്വിസ്, പുതിയ അറിവുകണ്ടെത്തൽ- വായന- എഴുത്ത്, പത്രം തയ്യാറാക്കൽ (സ്കൂൾ പ്രവർത്തനം, പാഠഭാഗം)

6. വായനാക്കുറിപ്പ്

ഓരോ പുസ്തകവായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിച്ചേരക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം

7. ദിനാചരണങ്ങൾ

വായനയും എഴുത്തും പ്രോൽസാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ടു നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

8. ആനുകാലിക പ്രസിദ്ധികരണങ്ങളും വായനയും

ക്ലാസ് മുറിയിൽ ധാരളം ആനുകാലിക പ്രസിദ്ധികരണങ്ങളുടെ ലഭ്യത, വായന പ്രോൽസാഹിപ്പിക്കുന്നതിനായി വിവധ പ്രവർത്തനങ്ങൾ, മത്സര ങ്ങൾ

9. ഇ-വായന സാധ്യത കണ്ടെത്തൽ

വിക്കിപീഡിയ പരിചയപ്പെടുത്തൽ, നെറ്റിൽ നിന്നും വിവരം ശേഖരിക്കാനു ള്ള നൈപുണി, 'ഇ' പേപ്പറുകൾ പരിചയപ്പെടുത്തൽ, വിവധകൃതികൾ, കവിത എന്നിവ വിഡിയോ കാണൽ

10. പുസ്തകചർച്ച- വായനാനുഭവം പങ്കുവയ്ക്കൽ

വിദ്യാർത്ഥികൾ, അധ്യപകർ, രക്ഷിതാക്കൾ, സാഹിത്യകാരന്മാർ പാഠഭാഗ വുമായി ബന്ധപ്പെട്ട് അധികം നൽകിയ പുസ്തകങ്ങൾ പരിചയപ്പെടു ത്തൽ, സന്ദേശം കഥാപത്രനിരൂപണം, ഇഷ്ടപ്പെടാനുള്ള കാരണം ഇവ അവതരിപ്പിക്കൽ.

ലക്ഷ്യം

1. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ മലയാളഭാഷ പഠനനേട്ടങ്ങളും എല്ലാ കുട്ടി കളും ആർജ്ജിക്കുക.
2. മലയാളഭാഷാപഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും ശേഷികളിലും പരി മിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.

1. യാത്രാവിവരണം തയ്യാറാക്കൽ

പ്രമുഖ സഞ്ചാരസാഹിത്യകാരന്മാരുടെ യാത്രാവിവരണങ്ങൾ വായിക്കാനവ സരം നൽകുന്നു, 'സഞ്ചാരം' വിഡിയോ കാണാൻ അവസരം, കുട്ടികൾ നടത്തിയിട്ടുള്ള യാത്രകളെക്കുറിച്ച് പറയാൻ അവസരം നൽകൽ, നല്ല

മാതൃകകൾ വായിക്കാൻ അവസരം നൽകൽ, യാത്രാവിവരണം തയ്യാറാക്കൽ, പതിപ്പു നിർമ്മാണം.

2. ഉപന്യാസം തയ്യാറാക്കൽ.

പിന്നാക്കം നിൽക്കുന്നവരെ മെച്ചപ്പെടുത്തുന്നതിനായി ലളിതവും പരിചിതവുമായ വിഷയങ്ങൾ തെരഞ്ഞെടുക്കുന്നു. ചർച്ച മനോഭൂപടം തയ്യാറാക്കുന്നു. ഉപന്യാസത്തിനുവേണ്ടി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ കണ്ടെത്തുന്നു. ഉപന്യാസ രചന

3. സാഹിത്യകാരന്മാരെ പരിചയപ്പെടൽ

കൃതികൾ, സംഭാവന, സവിശേഷത ഇവ പരിചയപ്പെടുത്തൽ സാഹിത്യമാരന്മാരുടെ ചിത്രം പ്രദർശിപ്പിക്കൽ, പരിചയപ്പെടുത്തൽ Poerpoint presentation ദിനാചരണങ്ങളുമായി ബന്ധപ്പിച്ചുകൊണ്ട് അസംബ്ലിയിൽ അവതരണം. സാഹിത്യകാരന്മാരുടെ ജിവസരിത്രങ്ങൾ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കൽ

4. ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ

സവിശേഷമായ ആശയങ്ങൾ, പ്രയോഗങ്ങൾ ഉള്ള ലളിതമായ കവിത ഗ്രൂപ്പിൽ വായനയ്ക്കു നൽകുന്നു. വകിതയുടെ ആശയം സവിശേഷതകൾ ചർച്ച, പറയാൻ അവസരം ആസ്വാദനക്കുറിപ്പിന്റെ മികച്ച മാതൃകകൾ വായിക്കാനായി നൽകുന്നു. ഉൾപ്പെടുത്തേണ്ട തയ്യാറാക്കൽ. ക്ലാസ് ലൈബ്രറിയിലെ വായിച്ച പുസ്തകങ്ങളെക്കുറിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.

5. കഥാപാത്രനിരൂപണം

ഏറ്റവുമധികം ഇഷ്ടപ്പെട്ട കൂട്ടുകാരൻ ആരെന്നും എന്തുകൊണ്ടാണ് അവരെ ഇഷ്ടപ്പെടാൻ കാരണമെന്നും പറയാൻ അവസരം കൊടുന്നുന്നു. പാഠഭാഗത്തിലെ കഥാപാത്രങ്ങളിൽ നിങ്ങൾക്ക് ഇഷ്ടപ്പെട്ടതാരെ? ചർച്ച, ആസയഭൂപടനിർമ്മാണം, കഥാപാത്രനിരൂപണം.

6. പഴഞ്ചൊല്ലും ശൈലിയും

പഴഞ്ചൊല്ലും ശൈലിയും തിരിച്ചറിയാനായി ഭാഷാവിദഗ്ധനെകൊണ്ട് ഒരു ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. പഴഞ്ചൊല്ല്പ്പതിപ്പ്, ശൈലിപ്പതലപ്പ്, പഴഞ്ചൊല്ല് കേളി

<u>ലക്ഷ്യം</u>

1. മലയാളഭാഷാശേഷിയിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക.

1. നാടകം

കഥാ വായന, കഥ രചന, സ്ക്രിപ്റ്റ്റൈറ്റിംഗ്, നാടക രചന, അഭിനയ ശില്പ ശാല സംഘടിപ്പിക്കുന്നു. അഭിനയസാധ്യതയുള്ള പാഠഭാഗം list ചെയ്യുന്നു. ഗ്രൂപ്പിൽ നാടക രചനയ്ക്കും അഭിനയത്തിനും അവസരം, school ബാലസഭയിൽ അഭിനയത്തിന് അവസരം, school നാടകോത്സവം സംഘടിപ്പിക്കുന്നു.

2. ദൃക്സാക്ഷി വിവരണം

Foot ball, Cricket, വള്ളംകളി തുടങ്ങിയവയുടെ Audio കേൾപ്പിക്കുന്നു. Video കാണിക്കുന്നു. കുട്ടികളെ ഗ്രൂപ്പാക്കുന്നു. ഒരു ഗ്രൂപ്പ് കളിക്കുമ്പോൾ മറ്റേ ഗ്രൂപ്പ് വിവരണം പറയുന്നു പാഠഭാഗവുമായി ബന്ധപ്പെട്ട് ദൃക്സാക്ഷി വിവരണം തയ്യാറാക്കുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

മേഖല- സംസ്കൃതം

ലക്ഷ്യങ്ങൾ

- ശരിയായ ഉച്ചാരണത്തോടെ സംസ്കൃഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് വികസിപ്പിക്കുക.
- സംസ്കൃത ഭാഷാ വ്യവഹരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വർദ്ധിപ്പിക്കുക.
- വായനാശീലം സംസ്കൃത ഭാഷയിൽ വികസിപ്പിക്കുക.
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സംസ്കൃത ഭാഷാ നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക.
- സംസ്കൃത ഭാഷാ പഠനത്തിൽ IT സാധ്യത പ്രയോജനപ്പെടുത്തുക.

# അക്കാദമിക പ്രവർത്തനങ്ങൾ

**ലക്ഷ്യം**

1. സാംസ്കൃതം തെറ്റുകൂടാതെ എഴുതാനും വായിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കുക.
2. സംസ്കൃത ഭാഷാ ശരിയായ ഉച്ചാരണത്തോടെ സംസാരിക്കാനും കേട്ടുമനസ്സിലാക്കാനുമുള്ള കഴിവ് വികസിപ്പിക്കുക. പ്രവർത്തനങ്ങൾ.

**പ്രവർത്തനങ്ങൾ**

1. പ്രീ-ടെസ്റ്റ്- പഠനനില കണ്ടെത്തൽ (2 days)

   എഴുത്തിലും വായനയിലുമുള്ള പിന്നോക്കാവസ്ഥ അറിയാൻ വേണ്ടി പ്രീ-ടെസ്റ്റ് നടത്തുന്നു.

2. അക്ഷരം ഉറപ്പിക്കൽ (2 week)

   Audio കേൾപ്പിച്ചും ചിത്രങ്ങളിലൂടെ അക്ഷരക്കാർഡുകൾ, പദക്കാർഡുകൾ എന്നിവ ഉപയോഗിച്ചും അക്ഷരങ്ങളും ഉച്ചാരണവും ഉറപ്പിക്കുന്നു.

3. വാക്യങ്ങൾ എഴുതൽ
8. അക്ഷരക്കാർഡുകൾ, പദക്കാർഡുകൾ, പദപ്രശ്നങ്ങൾ എന്നി പ്രവർത്തനങ്ങളിലൂടെ വാക്കുകൾ, വാക്യങ്ങൾ പറയിപ്പിക്കുന്നു. എഴുതുന്നു Audio, Vedio ഉപയോഗിച്ച് ഉച്ചാരണം ഉറപ്പിക്കുന്നു.

**ലക്ഷ്യം -**

കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സംസ്കൃത ഭാഷാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക.

**ഉപന്യാസം തയ്യാറാക്കൽ**

ലളിതവും പരിചിതവുമായ വിഷയങ്ങൾ തെരഞ്ഞെടുക്കുന്നു. ചർച്ച ചെയ്യുന്നു. മനോഭൂപടം തയ്യാറാക്കുന്നു.

ഉപന്യാസ രചന.

## കഥാരചന

കഥാ പുസ്തകങ്ങൾ വായിക്കാൻ കൊടുക്കുന്നു. പലതരം കഥകൾ കമ്പ്യൂട്ടറിൽ കാണിക്കുന്നു. പല വിഷയങ്ങളിലും കഥയെഴുതുന്നു.

## സംഭാഷണം

സംസ്കൃത ഭാഷയിലെ അചാരേപചാര ശബ്ദങ്ങൾ തിരിച്ചറിയുന്നു. പ്രശ്ന വാചക ശബ്ദങ്ങൾ തിരിച്ചറിയുന്നു. ചെറു ചെറുവാക്കുകൾ പറയുന്നു. സംഭാഷണം പറയുന്നു എഴുതുന്നു.

## കഥാപാത്ര വൈശിഷ്ട്യം

പാഠഭാഗത്തിലെ കഥാപാത്രങ്ങളിൽ ഇഷ്ട കഥാപാത്രത്തെ തിരഞ്ഞെടുക്കുന്നു. ചർച്ച ചെയ്യുന്നു. ആശയ ഭൂപട നിർമ്മാണം.

## ലക്ഷ്യം

സംസ്കൃതഭാഷയിൽ സവിശേഷവൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുന്നു.

## നാടകം

കഥ വായിപ്പിക്കുന്നു. കഥാ രചന, സ്ക്രിപ്റ്റ് റൈറ്റിംഗ്, നാടക രചന, അഭിനയ സാധ്യതയുള്ള പാഠഭാഗം list ചെയ്യുന്നു. ഗ്രൂപ്പിൽ നാടക രചനയ്ക്കും അഭിനയത്തിനും അവസരം.

# അക്കാദമിക പ്രവർത്തനങ്ങൾ

## ലക്ഷ്യം

- ❖ ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

## പ്രവർത്തനങ്ങൾ

1. പഠനനില കണ്ടെത്തൽ

   പഠനനില കണ്ടെത്തുന്നതിനായി reading pre test നടത്തുന്നു.

   ബുദ്ധിമുട്ട് അനുഭവപ്പെടുന്ന കുട്ടികളെ കണ്ടെത്തുന്നു.

2. പഠനപ്രവർത്തന പാക്കേജ്
   - Story time- പാഠഭാഗവുമായി ബന്ധപ്പെട്ട് കഥാഭാഗങ്ങൾ കണ്ടെത്തുന്നു.
   - Loud reading-tnal variation, audibility, puncturation
   - English Assembly
   - English diary notes
3. Work sheet
4. വാക്കുകൾ തിരിച്ചറിഞ്ഞ് ക്രമമായി എഴുതാൻ ശീലിപ്പിക്കൽ word game
5. വാക്കുകൾ നിർമ്മിക്കൽ
6. Word puzzle

## ലക്ഷ്യം

- ❖ മികച്ച വായനാശീലം ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കുക.
- ❖ ഇംഗ്ലീഷ് ഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക.

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

## മേഖല- ഇംഗ്ലീഷ്

<u>ലക്ഷ്യങ്ങൾ</u>

1. ഇംഗ്ലീഷ് ഭാഷാപഠനത്തിൽ സവിശേഷ വൈഭങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
3. ഇംഗ്ലീഷ് ഭാഷാപഠനത്തിലെ അടിസ്ഥാന ആശയങ്ങിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.
4. ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
5. മികച്ച വായനാശിലം ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കുക.
6. ഇംഗ്ലീഷ് ഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക.
7. മികച്ച വായനാ ശീലം ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കുക.
8. ഇംഗ്ലീഷ് ഭാഷാപഠനത്തിൽ ഐ.ടിയുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
9. ഇംഗ്ലീഷ് ഭാഷാപഠനശേഷി വികസിപ്പിക്കുക.
10. Differently able കുട്ടികളെ നേർധാരയിൽ എത്തിക്കുക.

പ്രവർത്തനം

- Public speaking
- Audio- Video സംവിധാനങ്ങൾ ഉപയോഗിച്ച് വ്യത്യസ്ത സ്പീക്കിംഗ് അനുഭവങ്ങൾ പരിചയപ്പെടുത്താൻ
- ഇംഗ്ലിഷ് പത്രവായന
- ലൈബ്രറി പുസ്തക വായന

ലക്ഷ്യം

❖ ഇംഗ്ലീഷ് ഭാഷാപഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭവങ്ങളിലും പരമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.

പ്രവർത്തനം

1. അക്ഷരകാർഡ് നൽകുന്നു. അതുപയോഗിച്ച് വാക്കുകളുടെ നിർമ്മാണം.
2. ചിത്രകഥാവായന

ലക്ഷ്യം

❖ ഇംഗ്ലീഷ് ഭാഷാപഠനത്തിൽ ഐ.ടിയുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.

പ്രവർത്തനം

1. Ubundu- വിന്റെ സാധ്യത പ്രയോജനപ്പെടുത്തുന്നു.
2. സംഭാഷണങ്ങൾ
3. കവിതകൾ
4. നടകകങ്ങൾ
5. Animation stories

ലക്ഷ്യം

❖ Differently able കുട്ടികളെ നേർധാരയിൽ എത്തിക്കുക.

പ്രവർത്തനം

1. ചിത്രകാർഡ് പ്രദർശിപ്പിച്ച് കുട്ടികളെ വാക്കുകൾ പഠിപ്പിക്കുന്നു.
2. ചേർത്ത് വരച്ച് അക്ഷരങ്ങൾ, വാക്കുകൾ ഉറപ്പിക്കുന്നു.
3. Rhymes

ലക്ഷ്യം

- ഇംഗ്ലീഷ് ഭാഷാപഠനത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.

പ്രവർത്തനം

1. Young talents
2. Drama camp
3. News reading
4. Recitation
5. Speech
6. Essays
7. English Projects'
8. Magazines
9. Versification activities

ലക്ഷ്യം

- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക.

പ്രവർത്തനം

- വിവരണങ്ങൾ

1. Mind map
2. ചിത്രങ്ങളുടെ സഹായത്തോടെ വിവരണം തയ്യാറാക്കൽ
3. Hints നൽകികൊണ്ട് വിവരണം തയ്യാറാക്കൽ

- സംഭാഷണങ്ങൾ

1. സംഭാഷണരൂപങ്ങൾ audio, video സഹായത്തോടെ കുട്ടികളെ പരിശീലിപ്പിക്കുന്നു.
2. കുട്ടികളെ തമ്മിൽ ഇംഗ്ലീഷ് സംസാരിക്കാനുള്ള പ്രോത്സാഹനം നൽകുന്നു.
3. spoken English classes

# അക്കാദമിക് മാസ്റ്റർപ്ലാൻ

## മേഖല- ഹിന്ദി

<u>ലക്ഷ്യങ്ങൾ</u>

- ഹിന്ദിയിൽ കഴിവുള്ളവരെ അതിന്റെ പൂർണ്ണതയിൽ എത്തിയ്ക്കുക.
- കേട്ട്മനസിലാക്കാനുള്ള കഴിവും വായനയും എല്ലാ കുട്ടികളിലും എത്തിക്കുക.
- പിന്നോക്കം നിൽക്കുന്ന കുട്ടികളെ പിന്തുണ നൽകുക
- വായനാശീലവും ഭാഷാപഠനത്തിൽ താൽപര്യവും വളർത്തുക
- ഭാഷ തെറ്റ് കൂടാതെ എഴുതാനും ഐ.ടിയുടെ സാധ്യത പ്രയോജനപ്പെടുത്താനുമുള്ള കഴിവ് നൽകുക.
- ഭാഷാ അധ്യാപകശാക്തീകരണം.

# അക്കാദമിക പ്രവർത്തനങ്ങൾ

**ലക്ഷ്യം**

എല്ലാ കുട്ടികളും

ഹിന്ദി തെറ്റ് കൂടാതെ എഴുതാനും വായിക്കാനുമുള്ള ശേഷി വികസിപ്പിക്കുക.

ഹിന്ദി സംസാരിക്കാനുള്ള ശേഷി വികസിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

1. പ്രീ-ടെസ്റ്റ് പഠനനില കണ്ടെത്തൽ (2 days)
   എഴുത്തിലും വായനയിലുമുള്ള പിന്നോക്കാവസ്ഥ അറിയാനവേണ്ടി പ്രീ-ടെസ്റ്റ് നടത്തുന്നു. target group - ന്റെ list തയ്യാറാക്കുന്നു.
2. target group – ന്റെ പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു. (2 days)
3. അക്ഷരം ഉറപ്പിക്കൽ (1 month)
   ചിത്രങ്ങളിലൂടെയും അക്ഷരകാർഡുകൾ ഉപയോഗിച്ചും അക്ഷരങ്ങളും ഉച്ചാരണവും ഉറപ്പിക്കുന്നു.
4. വാക്യങ്ങൾ എഴുതൽ (2 months)
   അക്ഷരകാർഡുകൾ, പദകാർഡുകൾ എന്നി പ്രവർത്തനങ്ങളിലൂടെ വാക്കുകൾ, വാക്യങ്ങൾ പറയിക്കുന്നു. എഴുതുന്നു. ചോദ്യങ്ങളുടെ ഉത്തരം കണ്ടെത്തുന്നു.
5. കഥ പറയൽ
   ചിത്രങ്ങൾ നൽകി പേരുകൾ ചേർത്ത് കഥ പൂർത്തിയാക്കുന്നു. എഴുതിക്കുന്നു.
6. സ്കൂൾ ലൈബ്രറിയിലെ ചെറിയ കഥാപുസ്തകങ്ങൾ ഹിന്ദി ഡിക്ഷ്ണറി എന്നിവ നൽകി പദങ്ങൾ കണ്ടുപിടിക്കാൻ സഹായിക്കുന്നു.
7. സ്കൂൾ സമയത്തിന് പുറമേ സമയം കണ്ടെത്തി പിന്നോക്കം നിൽക്കുന്നവരെ വായിക്കാനും എഴുതാനും പഠിപ്പിക്കുന്നു.

## അക്കാദമിക മാസ്റ്റർപ്ലാൻ

### മേഖല- സാമൂഹിക ശാസ്ത്രം

ലക്ഷ്യങ്ങൾ

1. സാമൂഹ്യശാസ്ത്രത്തിൽ സവിശേഷവൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക.
2. സമൂഹത്തെ അറിയുന്നതിനും ഭൂമിയെ അറിയുന്നതിനും ആവശ്യമായ കഴിവും മനോഭാവവും വളർത്തുക.
3. സാമൂഹ്യശാസ്ത്രപഠനത്തിൽ IT സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
4. സാമൂഹ്യചിന്ത, സാമൂഹ്യബോധം, സമൂഹ്യവിശകലനശേഷി Enquiry skill ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
5. സാമൂഹ്യശാസ്ത്രപഠനത്തെ സാമൂഹ്യ മുന്നേറ്റത്തിന് പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക.

ലക്ഷ്യം

സാമൂഹ്യശാസ്ത്രപഠനത്തിൽ IT സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക

പ്രവർത്തനം

ubundu IT resource -ൽ നിന്നും സാമൂഹ്യശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കാനും marble zoom digital atlas അനിമേഷനുകൾ കാണാനുള്ള പരിശീലനം ടീച്ചർ നൽകുന്നു.

ഡിജിറ്റൽ ആൽബം

നവോത്ഥാനത്തിന്റെ ഫലമായി യൂറോപ്പിൽ കല, സാഹിത്യം, ശാസ്ത്രം എന്നി മേഖലകളിൽ ഉണ്ടായ പുരോഗതികൾ ഉൾപ്പെടുത്തി വ്യക്തിഗതമായി ഡിജിറ്റൽ ആൽബം തയ്യാറാക്കുന്നു.

ലക്ഷ്യം

സാമൂഹ്യചിന്ത സാമൂഹ്യബോധം, സാമൂഹ്യവിശകലനശേഷി Enquiry skill ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുന്നു.

I. സെമിനാർ

സാമൂഹികപ്രസക്തിയുള്ള വിഷയങ്ങളെ അടിസ്ഥാനമാക്കി subject experts- നെ കൊണ്ട് സെമിനാറുകൾ നടത്തുന്നു. കുട്ടികൾ ചർച്ചയിൽ പങ്കെടുക്കുന്നു.

II. ഒന്നാം സ്വാതന്ത്ര്യസമരം, ഭൂപടങ്ങളിലെ അവശിഷ്ടകങ്ങള അന്തരിക്ഷ മലിനികരണം, കേരളത്തിലെ സാമൂഹികപരിഷ്കർത്താക്കൾ, കാലാവസ്ഥാമാറ്റങ്ങൾക്ക് കാരണമാകുന്ന മനുഷ്യപ്രവർത്തനങ്ങൾ

- സാമൂഹികപ്രാധാന്യമുള്ള വിഷയങ്ങളെ അടിസ്ഥാനമാക്കി കുട്ടികൾ സെമിനാർ നടത്തുന്നു.
- വിവരശേഖരണത്തിനായി ആവിശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നു.
- പ്രബന്ധരചന
- പ്രബന്ധാവതരണം- ചർച്ച പ്രതികരണം
- സെമിനാർ റിപ്പോർട്ട് തയ്യാറാക്കൽ

III. പൊതുവിഷയങ്ങളെ അടിസ്ഥാനമാക്കി സ്കൂൾ തലസെമിനാർ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

ലക്ഷ്യം

സാമൂഹ്യശാസ്ത്രപഠനത്തെ സാമൂഹ്യ മുന്നേറ്റത്തിന് പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക.

നടകാഭിനയം

അഭിനയസാധ്യതയുള്ള പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി സ്ക്രിപ്റ്റ് തയ്യാറാക്കുന്നു.

നാടകാവതരണം, ബാലസഭ, സ്കൂൾ നാടകോത്സവം സംഘടിപ്പിക്കൽ

<u>ലക്ഷ്യം</u>

ഭൂപടവായനശേഷി മെച്ചപ്പെടുത്തുക.

<u>പ്രവർത്തനം</u>

1. ശില്പശാല
   ഭൂപടങ്ങളിലെ അവശ്യഘടകങ്ങളെക്കുറിച്ചും അവയുടെ ഉപയോഗത്തെക്കുറിച്ചും ഭൂപടവായനയെക്കുറിച്ചും ശില്പശാല സംഘടിപ്പിക്കുന്ന പ്രാദേശിക ഭൂപടങ്ങൾ പ്ലാനുകൾ എന്നിവ വരയ്ക്കാൻ പരിശീലനം, വരയ്ക്കൽ outline map നൽകി അവശ്യഘടകങ്ങൾ രേഖപ്പെടുത്തൽ.

<u>ലക്ഷ്യം</u>

സാമൂഹ്യശാസ്ത്രത്തിൽ സവിശേഷവൈദവമുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക.

<u>പ്രവർത്തനം</u>

സാമൂഹ്യശാസ്ത്രമേളകൾ സംഘടിപ്പിക്കൽ സ്കൂൾതലം, BRC തലം, ജില്ലാ തലം തുടങ്ങിയവയിൽ മികച്ച കുട്ടികളെ കണ്ടെത്തി പങ്കെടുപ്പിക്കുന്നു. അതിനായി സാമൂഹ്യശാസ്ത്രോത്സവ ഓരോ term- ലും സ്കൂളിൽ സംഘടിപ്പിക്കുന്നു.

<u>ലക്ഷ്യം</u>

കരിക്കുലം ലക്ഷ്യമാക്കുന്ന സാമൂഹ്യശാസ്ത്രപഠന നേട്ടങ്ങൾ ആർജ്ജിക്കൽ

<u>പ്രവർത്തനം</u>

കുടുംബബജറ്റ് മനസ്സിലാക്കുന്നതിനായി ഏകദേശം ഒരാഴ്ചക്കാലം കണക്ക് പഠിപ്പിക്കുന്ന അധ്യാപകരെകൊണ്ട 3.30pm മുതൽ 4.30pm വരെ ക്ലാസെടുക്കുന്നു.

ലക്ഷ്യം

സമൂഹത്തെ അറിയുന്നതിനും ഭൂമിയെ അറിയുന്നതിനും ആവശ്യമായ കഴിവും മനോഭാവവും വളർത്തുക.

പ്രവർത്തനം

study tour ആദിവാസിമേഖലയെ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുന്നു.

ലക്ഷ്യം

സാമൂഹ്യശാസ്ത്രപഠനത്തിൽ IT യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.

പ്രവർത്തനം

സൗരയൂഥത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിനായി പ്ലാനറ്റേറിയം സന്ദർശനം നടത്തുന്നു. അവിടെ പോകുന്നതിനുമുന്നോടിയായി സ്കൂളിൽ വിഡിയോ പ്രദർശനം നടത്തുന്നു.

# അക്കാദമിക് മാസ്റ്റർപ്ലാൻ

## ഗണിതം

**ലക്ഷ്യങ്ങൾ**

1. ഗണിതശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഗണിതപഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കൽ
3. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിക ളുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.
4. ഗണിത ചിന്ത, യുക്തി ചിന്ത, വിശകലനശേഷി ഇവ എല്ലാം കുട്ടികളും വിക സിപ്പിക്കുക.
5. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ പ്രയോജനപ്പെ ടുത്താനുള്ള കഴിവ് നേടുക.
6. ഗണിത പഠനത്തിൽ ഐ.ടിയുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
7. ഗണിത പഠനശേഷി വികസിപ്പിക്കുക.
8. Differently able കുട്ടികളെ നേർധാരയിൽ എത്തിക്കുക.

## അക്കാദമിക പ്രവർത്തനങ്ങൾ

**ലക്ഷ്യം**

- ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിക ളുള്ളു കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക
- ഗണിത പഠനശേഷി വികസിപ്പിക്കുക.

## പ്രവർത്തനങ്ങൾ

1. പഠനനിലവാരം കണ്ടെത്തൽ

   Pre-test നടത്തി ചതുഷ്ക്രിയകൾ സംഖ്യാബോധം ഇവയിൽ ബുദ്ധിമുട്ടുള്ള കുട്ടികളെ കണ്ടെത്തുന്നു. June - July

2. സംഖ്യാബോധം

   1-9 വരെയുള്ള അക്കങ്ങൾ എഴുതിയ സംഖ്യാകാർഡുകൾ 9 പെട്ടികളിലായി ക്രമീകരിച്ച് കുട്ടികളെ ഗ്രൂപ്പാക്കുന്നു. ഓരോ കുട്ടിയും ഏതെങ്കിലും 4 പെട്ടിയിൽ നിന്നും ഓരോ കാർഡ് എടുക്കാൻ അവസരം നൽകുന്നു. കിട്ടുന്ന സംഖ്യകൾ ഉപയോഗിച്ച് നാലക്ക സംഖ്യകൾ നിർമ്മിക്കുന്നു. അവ അക്ഷരത്തിലെഴുതുന്നു. July

- സ്ഥാനവില പോക്കറ്റുകൾ നിർമ്മിച്ച് അതിൽ നിക്ഷേപിക്കുന്നു. June - July
- അബാക്കസ് August
- അക്കത്തിലും അക്ഷരത്തിലും എഴുതാൻ ശീലിക്കുന്നു. June - August

3. സങ്കലനം June - March

- സംഖ്യാഗോപുര നിർമ്മാണം June - March
- സംഖ്യാമാല നൽകൽ June - March
- ഗണിതകളികൾ ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കുന്നു. August

4. വ്യവകലനം

   1-9 വരെയുള്ള സംഖ്യകൾ എഴുതി കാർഡുകൾ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് തയ്യാറാക്കുന്നു. അവ ഇടകലർത്തി മേശപ്പുറത്ത് കമഴ്ത്തി വയ്ക്കുക. കുട്ടികൾ അവർക്കിഷ്ടമുള്ള കാർഡ് അതിൽ നിന്നും എടുക്കുന്ന 10-ൽ നിന്ന് കാർഡിലെ സംഖ്യകുറച്ചുകിട്ടുന്ന സംഖ്യ എഴുതിയ കാർഡ് കൈവശമുള്ള തിരയുന്ന കണ്ടെത്തുന്നു. ഗണിതരീതിയില എഴുതുക. June - March

- സംഖ്യാമാല നൽകൽ September
- തവളയും പാമ്പും August
- കളങ്ങൾ പൂർത്തിയാക്കുക. June - September

ഗുണനം

1-9 വരെയുള്ള സംഖ്യകളുടെ ആവർത്തന സങ്കലനം, ഗുണനരൂപം, ഗുണന ഫലം എന്നിവ കുട്ടികളുടെ ബുക്കിൽ എഴുതുന്നു.

- ❖ സംഖ്യാമാല നൽകൽ
- ❖ വില കണ്ടെത്തൽ June- March.

ഹരണം

ചാർട്ട് പേപ്പറിൽ കളങ്ങൾ വരച്ച് തയ്യാറാക്കുക ഒരേ നിയമുള്ള ബട്ടണുകൾ കരുതുക. 45÷5 എന്ന് കാണേണ്ടതിന് 45 ബട്ടണുകൾ എടുക്കണം. നിരകളിലെ 5 കോളങ്ങളിൽ തുല്യമായി നിരത്തണം. എത്ര നിരകളിലാണ് ബട്ടണുകൾ പൂർണ്ണമായി നിരത്താൻ കഴിയുന്നത്, ആ നിരകളുടെ എണ്ണമായിരിക്കും ഹരണഫലം.

- ❖ കളം നിറയ്ക്കാം വിതിക്കാം
- ❖ ഡൈസ്കളി June- March

ലക്ഷ്യം

കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഗണിതപഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.

1. ഗണിതങ്ങൾ ഘടകങ്ങൾ
   - ❖ ഇതളിലെ സംഖ്യകൾ
   - ❖ വളകിലുക്കം
   - ❖ എലിയും പൂച്ചയും
   - ❖ സമ്മാനം തുടങ്ങിയ ഗണിതകേളിലൂടെ ഗണിതങ്ങൾ ഘടകങ്ങൾ എന്ന ആശയം ഉറപ്പിക്കുന്നു.
2. ഭിന്നസംഖ്യ
   - ❖ ഭാഗങ്ങളാക്കൽ
   - ❖ ചതുരത്തെ ഏതെങ്കിലും രീതിയിൽ 1/2 ആക്കാം

- ❖ നിറം നൽകി ഓരോ നിറവും ആകെ ഉള്ളതിന്റെ എത്ര ഭാഗം എന്ന് കണ്ടെത്തുക.
- ❖ ഭാഗങ്ങൾക്ക് നിറം നൽകാം
- ❖ ആരോഹണക്രമം
- ❖ അവരോഹണക്രമം
- ❖ ഭാഗങ്ങൾ ചെറുമ്പോൾ

3. ജ്യാമിതിയം

ജ്യാമിതീയ ഉപകരണങ്ങളെ കൈകാര്യം ചെയ്യുന്ന രീതി ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ

- ❖ കോമ്പസ് ഉപയോഗിച്ച് വ്യത്യസ്ത ആരങ്ങൾ ഉള്ള വൃത്തങ്ങൾ വരച്ച് പരിശീലിപ്പിക്കുക.
- ❖ മട്ടം ഉപയോഗിച്ച് വൃത്തത്തെ സമഭാഗങ്ങളായി വിഭജിക്കൽ
- ❖ പ്രൊട്രാക്ടർ കൃത്യമായ അളവില കോണളവ് കണ്ടെത്താനും വരയ്ക്കാനും ശീലിപ്പിക്കുക.
- ❖ മട്ടം ഉപയോഗിച്ച് വൃത്തത്തെ സമഭാഗങ്ങളായി വിഭജിക്കൽ
- ❖ സ്കെയിൽ ഉപയോഗിച്ച് കൃത്യമായി വരയ്ക്കാൻ ശീലിപ്പിക്കുക.

<u>ലക്ഷ്യം</u>

Differently able കുട്ടികളെ നേർധാരയിൽ എത്തിക്കുക.

<u>പ്രവർത്തനങ്ങൾ</u>

- ❖ ചിത്രങ്ങളിലൂടെ സംഖ്യാപഠനം
- ❖ സംഖ്യാകാർഡുകൾ
- ❖ ചിത്രങ്ങൾ നോക്കി എണ്ണി പറയുക
- ❖ വരച്ചു ചേർക്കൽ

ലക്ഷ്യം

പ്രയോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.

പ്രവർത്തനങ്ങൾ

- പ്രായോഗിക പ്രശ്നങ്ങൾ കൂടുതൽ വ്യക്തതകിട്ടുന്നതിനായി വിദഗ്ദരെ കൊണ്ട് ക്ലാസ് എടുക്കുന്നു.
- ശില്പശാല
- വർക്ക് ഷീറ്റ്

ലക്ഷ്യം

ഗണിതശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.

- ബുള്ളറ്റിൻ ബോർഡ് പ്രദർശനം
- ഗണിക ക്ലബ്ബുകളിൽ കുട്ടികളെ പങ്കെടുപ്പിക്കൽ
- ഗണിതമേള
- ഗണിതക്വിസ്
- ഗണിതോത്സവം
- ഗണിത മാഗസിൻ

ലക്ഷ്യം

ഗണിത പഠനത്തിൽ ഐ.ടിയുടെ സാധ്യത പ്രജയോജനപ്പെടുത്തുന്നതിനുള്ള കഴിവ് ആർജ്ജിക്കൽ

പ്രവർത്തനങ്ങൾ

- ubundu- ന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- Geogebra യിലൂടെ ജ്യാമിതീയ രൂപങ്ങൾ കുട്ടികളെ മനസ്സിലാക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക.

മേഖല - ശാസ്ത്രം

<u>ലക്ഷ്യങ്ങൾ</u>

- ശാസ്ത്രത്തില സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണത യിൽ എത്തിക്കുക.
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്രപഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കിൽ
- ശാസ്ത്രചിന്ത, ശാസ്ത്രബോധം, ശാസ്ത്രനൈപുണ്യ, enquiry skill ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- ശാസ്ത്രപഠനത്തെ സാമൂഹ്യമുന്നേറ്റത്തിന് പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക.
- ശാസ്ത്രപഠനത്തിൽ ഐ.ടിയുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
- ശാസ്ത്രപഠനശേഷി വികസിപ്പിക്കുക.
- പാരിസ്ഥിതിക അവബോധം വളർത്തുക
- സ്വന്തം ജിവിതം മെച്ചപ്പെടുത്തുന്നതിന് ശാസ്ത്ര പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.

<u>ലക്ഷ്യങ്ങൾ</u>

1. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്രപഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കിൽ
2. ശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണത യിൽ എത്തിക്കുക.
3. ശാസ്ത്രപഠനത്തിൽ ഐ.ടിയുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.

## പ്രവർത്തനങ്ങൾ

1. കൃഷിഓഫീസറുമായുള്ള അഭിമുഖം

   Budding, grafting, layering ഇവ നടത്തുന്നവിധം, വളപ്രയോഗം, കീടനിയന്ത്രണം, ജലസേചനമാർഗങ്ങൾ, അടുക്കളത്തോട്ടം നിർമ്മാണം തുടങ്ങിയവയിലുള്ള സംശയങ്ങൾക്ക് അഭിമുഖത്തിലൂടെ പരിഹാരം കണ്ടെത്തുന്നു. June

2. CD പ്രദർശം

   പാഠപുസ്തകത്തിൽ ഐ.ടി യുടെ സാധ്യത പ്രയോജനപ്പെടുത്തേണ്ട ഭാഗങ്ങൾ CD പ്രദർശനത്തിലൂടെയും internet സഹായത്തോടെയും കൈകാര്യം ചെയ്യുന്നു. ഇതിനായി smart room സജ്ജീകരിക്കുന്നു. June - March.

3. ഡോക്ടറുമായുള്ള അഭിമുഖം

   പ്രഥമശുശ്രൂഷകൾ, ദന്തസംരക്ഷണം, ആഹാരശീലങ്ങൾ, പരിസരമലിനീകരണവും രോഗങ്ങളും തുടങ്ങിയ വിഷയങ്ങളിലുള്ള സംശയങ്ങൾക്ക് ഡോക്ടർ മറുപടി നൽകുന്നു. July

4. ശാസ്ത്രമേള

   പാഠപുസ്തകത്തിൽ പരാമർശിച്ചിട്ടുള്ള പഠനോപകരണങ്ങൾ, chart ആൽബങ്ങൾ, projrct ഇവയുടെ പ്രദർശനം ക്ലാസ്തലത്തിൽ സംഘടിപ്പിക്കുന്നു. August-O

5. ദിനാചരണങ്ങൾ

   ദിനാചരണങ്ങളുടെ ഭാഗമായി പ്രബന്ധങ്ങൾ, quiz അവതരിപ്പിക്കുന്നു. മത്സരം നടത്തുന്നു. June- March

6. ശില്പശാല

   ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്ന രീതി, പരീക്ഷണകുറിപ്പുകൾ എഴുതുന്നവിധം, തുടങ്ങിയവയെ സംബന്ധിച്ച് വിദഗ്ദ്ധർ ക്ലാസ്സുകൾ November നൽകുന്നു.

## ലക്ഷ്യങ്ങൾ

1. സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ശാസ്ത്രത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.

2. ശാസ്ത്രപഠനത്തെ സാമൂഹ്യമുന്നേറ്റത്തിന് പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക.
3. പാരിസ്ഥിതിക അവബോധം വളർത്തുക.

## പ്രവർത്തനങ്ങൾ

1. ശാസ്ത്ര പ്രോജക്ടുകൾ

   താത്പര്യമുള്ള കുട്ടികൾ അവർക്ക് താത്പര്യമുള്ള വിഷയങ്ങളിൽ project തയ്യാറാക്കി അവതരിപ്പിക്കുന്നതിനുള്ള വേദി ഒരുന്നുന്നു.
2. ശാസ്ത്ര ക്ലാസ്സുകൾ

   മറ്റ് ശാസ്ത്രാധ്യാപകരുടെ ക്ലാസുകൾ, വിവിധ മേഖലകളിൽ പ്രശസ്തരായ വ്യക്തികളുടെ ക്ലാസുകൾ ഇവ കുട്ടികൾക്ക് നൽകുന്നു.
3. മൂന്ന് മരം പദ്ധതി

   ക്ലാസ് ഒന്നിന് 3 ഫലവൃക്ഷങ്ങൾ (boy-1, girl-1, teacher-1) നട്ട് പരിപാലിച്ച് നിലനിർത്തി അടുക്കളത്തോട്ടം പദ്ധതി
4. ചെടിച്ചട്ടികളിലെ അടുക്കളത്തോട്ടം പദ്ധതി

   കൃഷിയിൽ താത്പര്യമുള്ള കുട്ടികൾ പച്ചക്കറിവിത്തുകൾ നൽകുന്നു. ഇവ ചെടിച്ചട്ടികളിൽ നട്ട് പരിപാലിച്ച് വീട്ടാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ വേണ്ട നിർദ്ദേശം നൽകുന്നു. കളനിയന്ത്രണം, കീടനിയന്ത്രണം, ജലസേചനം എവ കുട്ടികൾക്ക് കുറഞ്ഞ സമയം കൊണ്ട് ചെയ്യാൻ കഴിയുന്നതും ചിലവു കുറവുമാണ് എന്നുള്ളതുമാണ് ഈ കൃഷിരീതിയുടെ പ്രത്യേകതയാണ്.
5. പോസ്റ്റ് മത്സരങ്ങൾ

   ശാസ്ത്രസംബന്ധിയായ വിഷയങ്ങൾ നിൽകി രചനാ മത്സരങ്ങൾ നടത്തുന്നു. സമ്മാനങ്ങൾ നൽകുന്നു.
6. പ്രസംഗ മത്സരങ്ങൾ
7. ശാസ്ത്രസംബന്ധിയായ വിഷയങ്ങള പ്രസംഗം മത്സരം നടത്തുന്നു. സമ്മാനങ്ങൾ നൽകുന്നു.

## ലക്ഷ്യങ്ങൾ

1. ശാസ്ത്രചിന്ത, ശാസ്ത്രബോധം, ശാസ്ത്രനൈപുണ്യ, enquiry skill ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. ശാസ്ത്രപഠനശേഷി വികസിപ്പിക്കുക.

<u>പ്രവർത്തനങ്ങൾ</u>

1. സ്കൂൾതല ശാസ്ത്രമേളകൾ

still model[ working model, ശാസ്ത്ര project –കൾ, പരീക്ഷണങ്ങൾ തുടങ്ങിയ മത്സരങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രമേളയും പ്രദർശനവും സംഘടിപ്പിക്കുന്നു.

2. സെമിനാറുകൾ

വിവിധ ശാസ്ത്രവിഷയങ്ങളിൽ സ്കൂൾതല സെമിനാർ സംഘടിപ്പിക്കുന്നു.

3. സയൻസ് ലൈബ്രറി

സയൻസ് ബുക്കുകൾ മാത്രം ഉൾപ്പെടുത്തി ശാസ്ത്രലൈബ്രറി ഒരുക്കുന്നു. ശാസ്ത്രപഠനത്തിന് താത്പര്യമുള്ള കുട്ടികൾക്ക് library book കൾ വിതരണം ചെയ്യാനുള്ള സംവിധാനം ഒരുക്കുന്നു. ബുക്കുകൾ library യിലേക്ക് സംഭാവന നൽകാൻ കുട്ടികളെ പ്രേരിപ്പിക്കുന്നു.

4. lab വിപുലീകരണവും smart class room ഉം

lab കൂടുതൽ മെച്ചപ്പെടുത്തണം. lab നോടനുബന്ധിച്ച് smart class room ഒരുക്കണം

5. ശാസ്ത്രക്ലബ്ബുകൾ

## മേഖല - ഭൗതികം

4 ലൈബ്രറി ശാക്തീകരണം

A. സ്കൂൾലൈബ്രറി സംവിധാനം ആകർഷകമാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കും

<u>പ്രവർത്തനം</u>

- ലൈബ്രറിപുസ്തകങ്ങൾ ഇനം തിരിച്ച് തരം തിരിക്കുന്നു.
- തലക്കെട്ടെഴുതി ക്രമീകരിക്കുന്നു. (April - May)
- ലൈബ്രറിയുടെ ചുമതല ഒരു അധ്യാപികയെയും ഏതാനും കുട്ടികളെയും ഏൽപ്പിക്കുന്നു.
- ഓരോ ക്ലാസിൽ നിന്നും കുട്ടിലൈബ്രറിയന്മാരെ തെരഞ്ഞെടുത്ത് പുസ്തകവിതരണം കാര്യക്ഷമമാക്കുന്നു. (june II week)
- ഓരോ ക്ലാസിനും ഓരോ വിതരണരജിസ്റ്റർ നൽകി പരിശീലനം നൽകി ആഴ്ചയിൽ ഒരിക്കൽ പുസ്തകവിതരണം (വെള്ളി 1.30ന്)
- ലൈബ്രറിക്കായി ഒരു മുറി സജ്ജീകരിക്കുന്നു.
- ചുവരുകളിൽ വായനയുമായി ബന്ധപ്പെട്ട വചനങ്ങൾ എഴുതി വയ്ക്കുന്നു. ചിത്രങ്ങൾ വയ്ക്കുന്നു.

B. ക്ലാസ്‌ലൈബ്രറി സംവിധാനം ശക്തമാക്കാനുള്ള പ്രവർത്തനങ്ങൾ

- വിവധ വിഷയങ്ങൾക്ക് ഓരോ ക്ലാസിനും വേണ്ട റഫറൻസ്/ റിസോഴ്സ് വായനാ പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.
- അധ്യാപകർ, അഭ്യുദയകാംക്ഷികൾ, SSA fund എന്നിവയുടെ സഹായത്തോടെ പുസ്തകശേഖരണം.
- 'എന്റെ വിദ്യാലയത്തിലേക്ക് ഒരു പുസ്തകം' - പരിപാടി ആരംഭിക്കുന്നു. (കുട്ടികൾ, പൂർവവിദ്യാർത്ഥികൾ, അധ്യാപകർ)
- ലഭ്യമായ പുസ്തകങ്ങൾ തരംതിരിച്ച് പഠനപ്രവർത്തനവുമായി ബന്ധപ്പെടുത്തുന്നു.

C. വായനാ പരിപോഷണത്തിനുള്ള വൈവിദ്യമാർന്ന സന്ദർഭങ്ങൾ

പ്രവർത്തനങ്ങൾ

- വായനാവാരത്തോടനുബന്ധിച്ച് പുസ്തകം പ്രദർശനം
- വായനാവാരത്തിൽ വായനോത്സവം സംഘടിപ്പിക്കുന്നു.
- ഏറ്റവും കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടികളെ ആദരിക്കുന്നു. സമ്മാനങ്ങൾ നൽകുന്നു.
- ക്ലാസ്തലത്തിൽ വായനാക്കുറിപ്പ് മത്സരം
- സ്കൂൾതല വായനാമത്സരം നടത്തുന്നു. സമ്മാനം നൽകുന്നു.
- മികച്ച വായനാക്കുറിപ്പുകൾ ശേഖരിച്ച് പതിപ്പ് നിർമ്മിക്കുന്നു.

മികച്ച ലാബ് സജ്ജീകരിക്കൽ

<u>പ്രവർത്തനം</u>

5 ലാബ് നവീകരിക്കൽ

- യോഗം ചേരുന്നു.
- ലാബ് നവീകരണത്തെക്കുറിച്ച് ചർച്ച. നിലവിലെ അവസ്ഥ വിലയിരുത്തുന്നു.
- സ്പോൺസരമാരെ കണ്ടെത്തുന്നു. (പൂർവ്വവിദ്യാർത്ഥികൾ, അഭ്യുദയകാംക്ഷികൾ)
- മികച്ച സംവിധാനങ്ങളോടുകൂടിയ ലാബ് സജ്ജീകരിക്കുന്നു.

<u>ലക്ഷ്യം</u>

ഉച്ചഭക്ഷണം കഴിക്കുന്നതിന് അനുയോജ്യമായ സൗകര്യം ഒരുക്കുക.

<u>പ്രവർത്തനം</u> – ഊണുമുറി ഒരുക്കൽ

- PTA മീറ്റിംഗ് കൂടി പൂർവ വിദ്യാർത്ഥികളുടെ ഒരു യോഗം വിളിച്ചുകൂട്ടുന്നു. ആവശ്യകത ബോധ്യപ്പെടുത്തുന്നു.
- കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കുന്നതിനനുയോജ്യമായ സൗകര്യം (മേശ, ഇരിപ്പിടം) ഒരുക്കുവാൻ തീരുമാനിക്കുന്നു. (April)
- വിദ്യേശത്തുള്ള പൂർവ്വവിദ്യാർത്ഥികൾ, പഞ്ചായത്ത് എന്നിവരുമായി ബന്ധപ്പെട്ട് ഫണ്ട് സ്വരൂപീകരിക്കുന്നു. (April – june )
- ആവശ്യമായ മേശകളും ഇരിപ്പിടങ്ങളും സജ്ജീകരിച്ച് ഊണുമുറി ഒരുക്കുന്നു.

## 1. മേഖല : അക്കാദമികം

ഉപമേഖല : മലയാളം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഭാഷയുടെ അടിസ്ഥാന ശേഷി വികസനമായ ആശയ സംവേദനം നടത്താനും പദ സമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം**<br>• പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവധ വ്യവഹാരങ്ങളിലൂടെ (കവിത, കഥ, യാത്രാനുഭവം, അനുഭവ കുറിപ്പ് അവതരിപ്പിക്കുന്നു.) | ജൂൺ -3<br>ജൂൺ -30 | മലയാളം അധ്യാപകർ | |
| | • ഭാഷയിൽ അടിസ്ഥാന നൈപുണ്യങ്ങളായ വായന, ലേഖനം എന്നി ശേഷികൾ കൈവരിക്കാനാകാത്ത കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുക. | **ഭാഷാകേളി**<br>• അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ -4<br>ജൂലൈ - 30 | മലയാളം ക്ലബ് | |
| | • വായന ശിലംവളർത്തുക<br>• മാതൃഭാഷ പരിജ്ഞാനം നേടുക | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്**<br>• പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ | ജൂൺ - 3<br>ഫെബ്രുവരി - | മലയാളം | |

| | | | | | |
|---|---|---|---|---|---|
| | | വായക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി, വായനശീലം, പൊതുവിജ്ഞാനം, രചന പാടവം, എന്നിവ വളർത്തുന്നു. | 28 | അധ്യാപകർ | |
| | • പഠിതാവിൻ ആർത്ഥ പൂർണ്ണമായ വായന ഉറപ്പു വരുന്നു. | • പത്രവാർത്തകൾ പകർത്തി എഴുതുന്നതിലൂടെ രചന ശേഷി, ലിപി പരിചയം എന്നി നൈപുണ്യങ്ങൾ വികസിക്കുന്നു. | ജൂൺ - മാർച്ച് | മലയാളം അധ്യാപകർ | |
| 2 | പഠിതാവിൽ അർത്ഥ പൂർണ്ണമായ വായന ഉറപ്പ് വരുന്നു | **വായന ശില്പ ശാല**<br>വായനശീലം വളർത്തുന്നതിനും നല്ല പുസ്തകങ്ങൾ തിരഞ്ഞെടുത്ത് വായിക്കുന്നതിനും പഠിതാക്കളെ തയ്യാറാക്കുന്നതിനായി മലയാള സാഹിത്യരംഗത്തെ മികച്ച പരിജ്ഞാനം നേടിയവർ പഠിതാക്കൾക്ക് പരിശീലന ക്ലാസ് നൽകുന്നു. തുടർന്ന് വായനക്കളരികൾക്ക് അവസരമൊരുക്കുന്നു. | ജൂൺ -19 26 | മലയാളം അധ്യാപകർ | PTA |
| 3 | സാഹിത്യ കൃതികളോടും സാഹിത്യ കാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി | **മുഖാമുഖം**<br>സാഹിത്യരംഗത്തെ പ്രശസ്തരായ കവികൾ എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായി അഭി | ജൂൺ -19 ഓഗസ്റ്റ് - 30 | മലയാളം അധ്യാപകർ | PTA |

| | | | | | |
|---|---|---|---|---|---|
| | വളർത്തൽ | മുഖം/ സംവാദം നടത്താൻ അവസരമൊരുക്കുന്നു. | | | |
| | അഭിനയ കലയിൽ താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി അവരിലെ അഭിനയശേഷി വളർത്തുക | **നാടകക്കളരി**<br>മികച്ച നാടക അഭിനേതാക്കൾ അഭിനയ കലയുമായി ബന്ധപ്പെട്ട അറിവ് പ്രത്യേക പരിശീലനം നൽകുന്നു. | ഒക്ടോബർ 10-20 | മലയാളം അധ്യാപകർ | PTA |
| | പഠിതാക്കളുടെ രചനാ ശേഷി സർഗ്ഗ വാസന എന്നിവ വളർത്തുക. | **രചനാ ശില്പശാല**<br>സർഗ്ഗാത്മക രചന ശേഷി പഠിതാക്കളിൽ വളർത്തുന്നതിനും സർഗാത്മക രചനാ നൈപുണ്യം വളർത്തി എടുക്കുന്നതിനുമായി കവി എഴുത്തുകൾ എന്നി സാഹിത്യ രംഗത്തെ മികച്ച എഴുത്തുകാരുടെ രചനാ ക്ലാസ്സുകൾ | ഓഗസ്റ്റ് ഒക്ടോബർ | മലയാളം അധ്യാപകർ | PTA |
| | | **കൈ എഴുത്തു മാസിക**<br>കുട്ടികൾ സ്വന്തം കൃതികൾ കഥ, കവിത, ലേഖനം, ഉപന്യാസം അനുഭവകുറിപ്പ്, ചിത്ര ഇിന തുടങ്ങിയ സാഹിത്യ രൂപങ്ങളുടെ കൈയെഴുത്തുകൾ രചിക്കുന്നു. അത് കേരളപ്പിറവി ദിനത്തിൽ സ്കൂളിൽ പ്രദർശനം ചെയ്യുന്നു. | ഓഗസ്റ്റ് ഒക്ടോബർ | മലയാളം അധ്യാപകർ | PTA |

| | | | | | |
|---|---|---|---|---|---|
| | പഠിതാക്കൾക്ക് പാഠ്യവിഷയങ്ങളുമായി ആഴത്തിലുള്ള അറിവ് സംബാദിക്കുക. ആഴത്തിലുള്ള വായനശീലമുണ്ടാക്കുക | **തിമാറ്റിക് ലൈബ്രറി** പാഠ്യ വിഷയങ്ങളുമായി ബന്ധപ്പെട്ട് ആശയം ഉൾക്കൊള്ളുന്ന കൃതികൾ ക്ലാസ് മുറിയിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ ആ കൃതികൾ പരിചയപ്പെടുകയും | ജൂൺ 3 മാർച്ച് -5 | മലയാളം അധ്യാപകർ | PTA |
| | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കുക. | **രംഗാവിഷ്ക്കാരം** പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘു നാടകങ്ങള തുടങ്ങിയവ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | ജൂലൈ നവംബർ | മലയാളം അധ്യാപകർ | PTA |
| | സർഗ്ഗാത്മക കഴിവുകൾ രചനാശേഷി എന്നിവ വളർത്തുക | **പുസ്തക പ്രകാശനം** കുട്ടികൾ സ്വന്തമായി രചനകൾ നടത്തുന്നു. കഥ, കവിത, കുട്ടികൾ രചിച്ച പുസ്തകങ്ങൾ സ്കൂൾ വാർഷിക ദിനത്തിൽ പ്രകാശം ചെയ്യുന്നു. | മാർച്ച് | എല്ലാ അധ്യാപകരുടെയും പങ്കാളിത്തത്തോടെ | PTA |

2. മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | • പഠനനില കണ്ടെത്തൽ - Reading pre test<br>• പഠനപ്രവർത്തന പാക്കേജ്<br>• Story time – loud reading<br>• English Assembly<br>• English ഡയറിക്കുറിപ്പ് | June – July | ഇംഗ്ലീഷ് ഭാഷാധ്യാപിക | |
| 2. | ❖ മികച്ച വായനാശീലം ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കുക.<br>❖ ഇംഗ്ലീഷ് ഭാഷാവ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക. | • Public Speaking<br>• Audio – video<br>• ഇംഗ്ലീഷ് പത്രവായന<br>• ലൈബ്രറി പുസ്തക വായന | August | SRG Convenor<br>ഇംഗ്ലീഷ് ഭാഷാധ്യാപിക | |
| 3 | ഇംഗ്ലീഷ് ഭാഷാപഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാന പന്തുണ നൽകുക. | • അക്ഷരകാർഡ്<br>• ചിത്രകഥാവായന | September | ഇംഗ്ലീഷ് ഭാഷാധ്യാപിക | |
| 4 | ഇംഗ്ലീഷ് ഭാഷാപഠനത്തിൽ ഐ.ടിയുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക | • Ubundu - വിന്റെ സാധ്യത പ്രയോജനപ്പെടുത്തുന്നു.<br>• സംഭാഷണങ്ങൾ<br>• കവിതകൾ | October November | ഇംഗ്ലീഷ് ഭാഷാധ്യാപിക<br>പ്രധാനാധ്യാപ | |

| | | | | | |
|---|---|---|---|---|---|
| | | • നാടകങ്ങൾ<br>• Animation stories | | കൾ | |
| 5 | Differently Able കുട്ടികളെ നേർധാരയിൽ എത്തിക്കുക | • ചിത്രകാർഡുകൾ<br>• അക്ഷരങ്ങൾ ഉറപ്പിക്കുന്നതിന് സഹായകമായ ചിത്രങ്ങളുടെ ഉപയോഗം<br>• Rhymes | December January | ഇംഗ്ലീഷ് ഭാഷാധ്യാപിക | |
| 6 | ഇംഗ്ലീഷ് ഭാഷാപഠനത്തിൽ സവിശേഷ വൈഭങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക. | • Young talents<br>• Drama camp<br>• News reading<br>• Recitation<br>• Speech<br>• Essays<br>• English Projects<br>• Magazines<br>• Versification activities | 1 year | SRG Convener<br>ഇംഗ്ലീഷ് ഭാഷാധ്യാപിക<br>പ്രധാനാധ്യാപകൻ | |
| 7 | കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക. | • വിവരണങ്ങൾ<br>• ചിത്രങ്ങളുടെ സഹായത്തോടെ വിവരണം തയ്യാറാക്കൽ<br>• Hints കളുടെ സഹായത്തോടെ വിവരണം തയ്യാറാക്കൽ<br>• സംഭാഷണങ്ങൾ | | | |

| | | | | | |
|---|---|---|---|---|---|
| | | • സംഭാഷണരൂപങ്ങൾ audio, video സഹായത്തോടെ കുട്ടികളെ പരിശീലിപ്പിക്കുന്നു.<br>• ഇംഗ്ലീഷ് ഭാഷവികസനത്തിന് class room English<br>• spoken English classes | | | |

1. മേഖല : അക്കാദമികം

ഉപമേഖല : ഹിന്ദി

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കല | • അക്ഷരകാർഡ് - വാക്കുകളുടെ നിർമ്മാണം<br>• വാക്കുകൾ എഴുതിയ കാർഡുകൾ<br>• വാക്കുകളുടെ വായന<br>• വാക്യങ്ങളുടെ നിർമ്മാണം<br>• സംഭാഷണം പൂർത്തിയാക്കൽ ( ICT സഹായത്തോടെ)<br>• ഭാഷാ കേളി | June – August | ചാർട്ട് കാർഡ് പാഠപുസ്തകം | അധ്യപിക |
| 2 | ഉച്ചാരണ ശുദ്ധിയോടും, ഭാവത്മകമായുള്ള വായന ഉറപ്പിക്കൽ | വായന കാർഡ് കഥകൾ, കവിത, ചിത്രകഥ, വായനാമത്സരം | September – November | വായനാ കാർഡ് പുസ്തകം ICT | അധ്യപിക |
| 3 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കുവാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കുവാനുള്ള അവസരം | അധികവായന സാമഗ്രികൾ ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• കഥ പറയൽ<br>• കഥ എഴുതൽ<br>• കവിത രചന<br>• പ്രസംഗ മത്സരം | November to February<br><br>February to March | പുസ്തകം ICT<br><br>ICT | അധ്യപിക<br><br>അധ്യപിക |

3. മേഖല : അക്കാദമികം

ഉപമേഖല : സാമൂഹ്യശാസ്ത്രം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവപരിശോധിക്കൽ | • അന്താർദേശിയ തലം മുതല ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി തലസ്ഥാനങ്ങള തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നു. | ജൂൺ മാസം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2 | പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാന കുട്ടികളെ ബോധവാന്മാരാക്കുന്നു. | • ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം എന്നിവയുടെ ഭിതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തിവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേനാ ഉദ്യോഗസ്ഥരുടെ സഹായത്തോടെ demonstration class സംഘടിഷികുന്നു. | ജൂൺ മുതൽ മാർച്ച് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3. | സഹജിവികളോട് സമഭാവ വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | • പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങള ഇരകളായ വ്യക്തകൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾ അവരാൽ കഴിയുന്ന സേവനങ്ങൾ ചെയ്യാൻ അവസരം നൽകുന്നു. ഉദാഹരണം കുട്ടികൾ ശേഖരിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേസങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 4 | പഠിതാക്കളെ ചരിത്രബോധമുള്ള വരാക്കി മാറ്റുക | • ICT സാധ്യതകൾ ഉപയോഗിച് ലോകത്തിലെ ചരിത്രപ്രാധ്യമുള്ള സ്ഥലങ്ങളുടെ Video പ്രദർശി പ്പിച്ച് കുട്ടികളെ ചരിത്ര ബോധം ഉള്ളവരാക്കിമാറ്റുന്നു. | ജൂൺ മുതൽ മാർച്ച് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 5 | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | • ഗ്രാമസഭ, വാർഡുസഭ എന്നിവ യിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതി യുടെ അടിസ്ഥാനതലം മനസ്സിലാ ക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4 | വിവര വിനിമയ സാങ്കേതികവിദ്യ യുടെ ദുരുപയോഗങ്ങളെകു റിച്ചും ക്രിമിനൽ പ്രവർത്തനങ്ങ ളെക്കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാൻ മാരാക്കുന്നു. | • സൈബർ സുരക്ഷ ഉദ്യോഗസ്ഥരു ടെയും ട്രാഫിക് പോലിസി ന്റെയും സഹായത്തോടെ കുട്ടി കൾക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | നവംബർ മുതൽ ജനുമതി വരെ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 5. | സാമൂഹ്യശാസ്ത്ര വിഷയത്തി ലൂടെ പഠിതാക്കളെ മത്സരബുദ്ധി യോടെ മുന്നേറുവാൻ സഹായി ക്കുന്നു. | • മത്സരബുദ്ധിയോടെ പൊതു വിജ്ഞാനം വളർത്താനും ഭാവി യിൽ Civil service പരീക്ഷക ളിൽ പ്രാപ്തി നേടാനും ചോദ്യോത്തര പയറ്റു നടത്തി പ്രാപ്തരാകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

4. മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | കരിക്കുലം ലക്ഷ്യമാകുന്ന എല്ലാ ഗണിതപഠന നേട്ടങ്ങളു എല്ലാ കുട്ടികളും ആരജിക്കുക. | Pre test നടത്തി ചതുഷ്ക്രിയകൾ സംഖ്യാബോധം ഇടവിൽ ബുദ്ധിമുട്ടുള്ള കുട്ടികളെ കണ്ടെത്തുന്നു. ഗണിതകളിൽ ബുള്ളറ്റിൽ ബോരഡിൽ പ്രദർശിപ്പിക്കുന്നു. | ജൂൺ മാസം | ഗണിത അധ്യാപകൻ | ഗണിത ക്ലബ്ബ് പി.ടി.ഐ |
| 2 | അധുനിക ശാസ്ത്ര സാങ്കേതി വിദ്യാസാധ്യതകൾ ഉപയോഗപ്പെടുത്തുന്നു. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കളും ഉറപ്പ് വരുത്തുന്നു. | ജാമ്യിതിയ രൂപങ്ങൾ ചതുഷ്ക്രിയകൾ പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തി കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | ജൂലൈ മാസം | ഗണിത അധ്യാപകൻ | ഗണിത ക്ലബ്ബ് |
| 3 | ഗണിതശാസ്ത്രത്തിൽ സവിശേഷ വൈദവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക. | ബുള്ളറ്റിൽ ബോർഡ് പ്രദർശനം<br>ഗണിതശാസ്ത്രജ്ഞൻമാരുടെ ആൽബം തയ്യാറാക്കൽ<br>ഗഭിതമേള<br>ഗണിതോത്സവം<br>ഗണിതക്വിസ്<br>ഗണിത മാഗസിന | ആഗസ്റ്റ് - സെപ്റ്റംബർ | ഗണിത അധ്യാപകൻ | ഗണിത ക്ലബ്ബ് |
| 4 | രസകരമായ ഗണിതശാസ്ത്ര പഠനവും കലചരന ശേഷികളുടെ വികസനവും | ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരികുന്നതിനുള്ള പരിശീലനം നലകുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തല പ്രദർശനം | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | ഗണിത ക്ലബ്ബ് |

| | | | | | |
|---|---|---|---|---|---|
| | | സംഘടിപ്പിക്കൽ | | | |
| 5 | ഗണിത പഠനത്തിൽ ഐ.ടിയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതിനുള്ള കഴിവ് ആർജ്ജിക്കൽ | ubundu ന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. Geogebra യിലൂടെ ജ്യാമിതീയ രൂപങ്ങൾ കുട്ടികളെ മനസ്സിലാകുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നു. | ആവശ്യാനുസരണം | ഗണിത അധ്യാപകൻ | ഗണിത ക്ലബ്ബ് |
| 6 | വിവിധ ശേഷികളുടെ വികസനം | മുൻനിരയിൽ നിൽക്കുന്ന കുട്ടികളുമായി ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആവശ്യാനുസരണം | ഗണിത അധ്യാപകൻ | ഗണിത ക്ലബ്ബ് പി.റ്റി.എ |

5. മേഖല : അക്കാദമികം

ഉപമേഖല : സയൻസ്

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ജീവിതസാഹചര്യങ്ങളില നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി - ജൈവവൈവിധ്യ പാർക്ക്**<br>ഔഷധത്തോട്ടം, പച്ചക്കറിതോട്ടം, ശലഭോദ്യാനം എന്നിവ ഉൾക്കൊളളിച്ചു കൊണ്ടുള്ള ജൈവവൈവിധ്യപാർക്ക് നിർമ്മാണം | ജൂൺ | ശാസ്ത്രാധ്യപകർ<br>സയൻസ് ക്ലബ്ബ്<br>ഇക്കോക്ലബ്ബ് | പി.ടി.എ |
| | | **പരീക്ഷണക്കളരി**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗ്പെപടുത്തി രസകരമായ ലഘു പരിക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു. പരിക്ഷണ കിറ്റുകൾ നിർമിക്കുന്നു. | ജൂലൈ | ശാസ്ത്രാധ്യപകർ<br>സയൻസ് ക്ലബ്ബ്<br>ഇക്കോക്ലബ്ബ് | രക്ഷിതാക്കൾ |
| 2 | ശാസ്ത്രപ്രക്രിയാ ശേഷി വികസിഷിക്കുക ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുളള കഴിവ് വർദ്ധിഷിക്കുക. | **മാസ്റ്റർ മൈന്റ്**<br>ശാസ്ത്രക്ലബ്ബ്, ഇക്കോ ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുക്കൾ തയ്യാറാക്കി റിഷോർട്ട് അവതരിഷിക്കുനുളള അവസരം നൽകുന്നു | ആഗസ്റ്റ് | ശാസ്ത്രാധ്യപകർ<br>സയൻസ് ക്ലബ്ബ്<br>ഇക്കോക്ലബ്ബ് | സയൻസ് ക്ലബ്ബ് |
| | | എക്സ്പ്ലോ - എക്സ്പ്ലോർ | | ശാസ്ത്രാധ്യപകർ | |

| | | | | | |
|---|---|---|---|---|---|
| | | ആധുനിക ശാസ്ത്രലോകത്തി ന്റെ വിവിധകണ്ടെത്തലുകൾ ഉൾപ്പെടുത്തി ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br><br>**ശാസ്ത്രവിസ്മയ ചുമർ**<br>ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട് വിസ്മയചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | സെപ്റ്റംബർ<br><br>ഒക്ടോബർ | ശാസ്ത്രാധ്യപകർ | സയൻസ് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ് |
| 3 | ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനചശ ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയയാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേയ്ക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകള, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങള പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദരശനം | നവംബർ<br><br>അക്കാദമിക വർഷം<br><br>ഫെബ്രുവരി മാർച്ച് | ശാസ്ത്രാധ്യപകർ<br><br>ശാസ്ത്രാധ്യപകർ | സയൻസ് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ് |

6. മേഖല : അക്കാദമികം

ഉപമേഖല : സംസ്കൃതം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | • എല്ലാകുട്ടികൾക്കും ഭാഷഫല പ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ<br>• അക്ഷരങ്ങളും പദങ്ങളും ആസയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക. | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ മാഗസിനുകൾ<br>• രചന, ശില്പശാലകൾ<br>• സംസ്കൃതദിനാചരണം, സംസ്കൃത അസംബ്ലി | ജൂൺ - മാർച്ച് | പുസ്തകങ്ങൾ വിവഴിയോകൾ ചിത്രങ്ങൾetc X | |